# ലിറ്റിൽ കൈറ്റ്സ് സ്കൂൾ ക്യാമ്പ്

മാവേലിക്കര : ആലപ്പുഴ ജില്ലയിൽ മാവേലിക്കര വിദ്യാഭ്യാസ ജില്ലയിലെ ഗവ. എസ്സ്. വി. എച്ച്. എസ്സ്. എസ്സ് കുടശ്ശനാട് സ്കൂളിൽ 2022 – 25 ബാച്ച് ലിറ്റിൽ കൈറ്റ്സ് ഏകദിന സ്കൂൾ ക്യാമ്പ് നടത്തി. കൈറ്റിന്റെ നേതൃത്വത്തിൽ പ്രത്യേക പരിശീലനം ലഭിച്ച 70 ൽ അധികം ആർ. പി മാരാണ് വിവിധ ക്യാമ്പുകളിൽ ക്ലാസെടുക്കുന്നത്. ഗവ. എസ്സ്. വി. എച്ച്. എസ്സ്. എസ്സ് സ്കൂളിലെ ഏകദിന ക്യാമ്പിന് ശ്രീ. രാജേഷ് സാർ നേതൃത്വം നൽകി.





ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ് / മാസ്റ്റർമാരായ ശ്രീമതി. ഉമാ ദേവി ടീച്ചർ, ശ്രീമതി. ശ്രീലേഖ ടീച്ചർ, ശ്രീമതി. ഉഷാ കുമാരി ടീച്ചർ എന്നിവരും ക്യാമ്പിൽ കുട്ടികളെ പരിശീലിപ്പിച്ചു. സ്ക്രാച്ച് പ്രോഗ്രാം ഉപയോഗിച്ച് തയ്യാറാക്കുന്ന റിഥം കമ്പോസർ, പൂക്കളനിർമ്മാണം. ദ്വിമാന അനിമേഷൻ സോഫ്റ്റ് വെയറായ ഓപ്പൺ ടൂൺസ് ഉപയോഗിച്ച് തയ്യാറാക്കുന്ന അനിമേഷൻ റീലുകൾ, ജിഫുകൾ, ഓണവുമായി ബന്ധപ്പെട്ട് പ്രൊമോഷൻ വീഡിയോകൾ തയ്യാറാക്കാൻ എന്നിവയായിരുന്നു പ്രധാന പ്രവർത്തനങ്ങൾ.

## റിഥം കംപോസർ

സ്ക്രാച്ച് പ്രോഗ്രാമുപയോഗിച്ച് റിഥം കംപോസർ വളരെ രസകരമായിരുന്നു. കുട്ടികൾ വളരെ രസകരമായ പുതിയ താളങ്ങൾ റിഥം കംപോസറിൽ തയാറാക്കി.



## പൂക്കളം

സ്ക്രാച്ച് പ്രോഗ്രാമുപയോഗിച്ചുള്ള പൂക്കള നിർമ്മാണം വളരെ ലളിതവും ആകർഷകവുമായിരുന്നു. രണ്ടുപേർ കളിക്കുന്ന ഗയിം പോലെ ആയിരുന്നതിനാൽ കുട്ടികൾ സന്തോഷത്തോടെ പൂക്കളം നിർമ്മിച്ചു.



## ജിഫ് / റീൽ

ദ്വിമാന അനിമേഷൻ സോഫ്റ്റ് വെയറായ ഓപ്പൺ ടൂൺസ് ഉപയോഗിച്ച് തയാറാക്കുന്ന അനിമേഷൻ റീലുകൾ /ജിഫുകൾ, കുട്ടികൾ വളരെ സന്തോഷത്തോടെയും താത്പര്യത്തോടെയും ആണ് നിർമ്മിച്ചത്.




## പ്രൊമോഷൻ വീഡിയോ

ദ്വിമാന അനിമേഷൻ സോഫ്റ്റ് വെയറായ ഓപ്പൺ ടൂൺസ് ഉപയോഗിച്ച് ഓണവുമായി ബന്ധപ്പെട്ട പ്രൊമോഷൻ വീഡിയോ എല്ലാ കുട്ടികളും വളരെ ആകർഷകമായാണ് തയാറാക്കിയത്.



ക്യാമ്പിലെ പ്രവർത്തനങ്ങളുടെ തുടർച്ചയായി ഓരോ അംഗവും അസൈൻമെന്റ് തയ്യാറാക്കി സമർപ്പിക്കും. ക്യാമ്പിലെ പ്രവർത്തനങ്ങൾ വിലയിരുത്തി മികച്ച പ്രവർത്തനങ്ങൾ ചെയ്തവരെ നവംബറിൽ നടക്കുന്ന ഉപജില്ലാ ക്യാമ്പിൽ പങ്കെടുപ്പിക്കും. അനിമേഷൻ, പ്രോഗ്രാമിംഗ് മേഖലകളിലെ പ്രവർത്തനങ്ങളാണ് ഉപജില്ലാ ക്യാമ്പിൽ ചിട്ടപ്പെടുത്തിയിരിക്കുന്നത്.!! ഗവ. എസ്സ്. വി. എച്ച്. എസ്സ്. എസ്സ് സ്കൂളിലെ ഏകദിന ക്യാമ്പ് വൈകിട്ട് 5 മണിയോടുകൂടി അവസാനിച്ചു. വരുൺ ദിലീപ് നന്ദി അറിയിച്ചു.

*          *          *

